I ഇ.ബി. XIV - കേരള നിയമസഭ /V-3

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ഏപ്രിൽ 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ചേംബറിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അനുസ്മരണം

ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികം സംബന്ധിച്ച അനുസ്മരണം

മി. സ്പീക്കർ : ചരിത്രത്തിലെ അതിനിർണ്ണായകമായ സുദിനവും കേരളം കടന്നുവന്ന വഴികളെക്കുറിച്ച് ഓർമ്മ പുതുക്കാനുള്ള അവസരവുമാണിത്. 1957

ഏപ്രിൽ 27-ന് ഐക്യ കേരളത്തിലെ ആദ്യ നിയമസഭാ സമ്മേളനം ചേർന്നതിന്റെ 60-ാം വാർഷികാഘോഷത്തിൽ വ്യത്യസ്തവും വൈവിധ്യമാർന്നതുമായ നിരവധി ആഘോഷപരിപാടികളും സംവാദങ്ങളും സംഘടിപ്പിക്കുകയുണ്ടായി. നിയമസഭാ ദിനമായി ആചരിച്ചുവരുന്ന ഈ ദിനത്തെ അങ്ങേയറ്റം പ്രാധാന്യത്തോടുകൂടി കണ്ടുകൊണ്ട് മുൻഗാമികളായ ജനനേതാക്കളുടെ ദീപ്തസ്മരണയ്ക്കുമുന്നിൽ ആദരവർപ്പിക്കുന്നതിനുള്ള കടമയാണ് നാം നിർവ്വഹിക്കുന്നത്. കേരള മാതൃകയിലുള്ള വികസന കുതിപ്പിന് സാക്ഷ്യം വഹിച്ച സഭാ ഹാളാണിത്. ജനാധിപത്യ വഴിത്താരയിൽ സുപ്രധാന നാഴികക്കല്ലാണ് ഈ സമ്മേളനം. ജനാധിപത്യത്തിന്റെ ധാർമ്മികതയും അനുഭവങ്ങളും കേരളീയ സമൂഹത്തിന് രൂപപ്പെടുത്തിക്കൊടുത്ത വിപ്ലവാത്മകമായ നിയമനിർമ്മാണങ്ങളിലൂടെ സാമൂഹ്യജീവിതത്തെ മാറ്റിമറിക്കുന്നതിന് അടിത്തറ പാകിയിട്ടുണ്ട്. 1888 മാർച്ച് 30-ന് ഇന്ത്യയിലാദ്യമായി രൂപീകൃതമായ എട്ടംഗങ്ങളുള്ള തിരുവിതാംകൂർ നിയമനിർമ്മാണസഭയ്ക്ക് നേതൃത്വം നൽകിയത് ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവായിരുന്നു. 1935-ൽ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കപ്പെട്ടു. 1930 മുതൽ തെരഞ്ഞെടുക്കപ്പെട്ട മലബാർ ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വന്നതിനുശേഷമാണ് ഐക്യകേരളത്തിന്റെ രൂപീകരണവും തുടർ ജനാധിപത്യ പ്രക്രിയകളും സംഭവിക്കുന്നത്. 1957-ൽ അധികാരത്തിൽവന്ന

ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഒഴിപ്പിക്കൽ നിർത്തിവയ്ക്കൽ ബിൽ, കാർഷിക കടാശ്വാസം, വിദ്യാഭ്യാസം തുടങ്ങി ചരിത്രപ്രസിദ്ധമായ നിരവധി നിയമ നിർമ്മാണങ്ങൾക്ക് നേതൃത്വം നൽകി. അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് അടിത്തറ പാകിയ കേരള ഡിസ്ട്രിക്ട് കൗൺസിൽ രൂപീകരണ ബിൽ ആദ്യ കേരള നിയമസഭയിൽത്തന്നെ അവതരിപ്പിക്കുകയുണ്ടായി. പോലീസ് സംവിധാനത്തിന് ജനകീയമുഖം നൽകി ജനങ്ങളുടെ സേവകരാക്കി മാറ്റുന്നതിനുള്ള പ്രഖ്യാപനവും പരിശ്രമവും അന്ന് നടന്നു. 60 വർഷം പിന്നിടുന്ന ഈ അവസരത്തിൽ ആ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പോലീസ് സേന ജനമൈത്രിയോടുകൂടി പെരുമാറണമെന്ന നിർദ്ദേശം നിരന്തരമായി മുന്നോട്ടുവച്ചെങ്കിലും ജനങ്ങൾ ഭയപ്പാടോടുകൂടി പോലീസിനെ സമീപിക്കുന്ന രീതി ഇന്നും തുടരുന്നത് നിർഭാഗ്യകരമാണ്. സംസ്ഥാനത്ത് പ്ലാനിംഗ് ബോർഡ് രൂപീകരിക്കുകയും ആസൂത്രണ പ്രക്രിയയ്ക്ക് നേതൃത്വപരമായ പങ്ക് വഹിക്കാനുള്ള സാദ്ധ്യതകളുണ്ടാകുകയും ചെയ്തത് അന്നാണ്. 1958-ൽ മുഖ്യമന്ത്രി ചെയർമാനായി രൂപീകരിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കൗൺസിൽ മുന്നോട്ടുവച്ച ഭരണ നിർവ്വഹണ പ്രക്രിയയാണ് മൗലിക രേഖയായി ഇന്നും ഉപയോഗിക്കുന്നത്. ഭരണ സംവിധാനത്തിന്റെ ഭാഗമായ ഡയറക്ടറേറ്റും സെക്രട്ടേറിയറ്റും സമാന്തര രേഖകൾപോലെ പ്രവർത്തിക്കുന്നതിന്റെ പ്രയാസങ്ങൾ നാം അനുഭവിക്കുകയാണ്.

വേഗതയേറിയ തീരുമാനങ്ങളും നിർവ്വഹണ സംവിധാനങ്ങളും ഉറപ്പുവരുത്താനാവശ്യമായ നിയമനിർമ്മാണ നടപടികളുമായി നാം മുന്നോട്ടുപോകേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ പാഠശാലകളാണ് നിയമസഭകളും പാർലമെന്റും. ജനാധിപത്യമൂല്യങ്ങളെയും ധാർമ്മികതയെയും പൊതുസമൂഹത്തിനു മുന്നിൽ കാഴ്ചവയ്ക്കേണ്ട പ്രദർശന ശാലകൂടിയാണ് നിയമസഭ. കേരളീയ വികസന മാതൃകയെ സംബന്ധിച്ച് യോജിപ്പും വിയോജിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ വികസന രംഗത്ത് ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് ചില മേഖലകളിലെങ്കിലും സമവായം ഉണ്ടാക്കാൻ കഴിയുമോയെന്ന് ഗൗരവമായി പരിശോധിക്കേണ്ടതാണ്. എൽ.എൻ.ജി., ദേശീയ പാത, കരിമണൽ ഖനനം തുടങ്ങിയ വിഷയങ്ങളിൽ കർശനമായ തീരുമാനമെടുക്കാനും മാധ്യമങ്ങൾ ഇക്കാര്യത്തിൽ ശരിയായ നിലപാട് സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താനും സാധിക്കണം. നിയമനിർമ്മാണത്തിന് കൂടുതൽ പ്രാധാന്യം നൽകാനും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഭരണഘടനാപരമായ സംരക്ഷണം ഉറപ്പുവരുത്താനുമുള്ള എല്ലാ ബാധ്യതയും ഏറ്റെടുക്കാൻ ഭാവിയിലും ഈ സഭയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് 60-ാം വാർഷിക ദിനത്തിൽ ഈ സഭയിൽ ഒത്തുചേർന്ന മുഴുവൻ അംഗങ്ങളെയും ചെയർ അഭിവാദ്യം ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ചെയർ പ്രകടിപ്പിച്ച

അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. ഐക്യകേരളം രൂപംകൊണ്ടതിനുശേഷമുള്ള ആദ്യ നിയമസഭാ സമ്മേളനത്തിന്റെ 60-ാം വാർഷികദിനമാണ് ഇന്ന്. ഗൃഹാതുരത്വം ഉണർത്തുന്ന ധാരാളം ഓർമ്മകൾ ഈ നിയമസഭാ മന്ദിരത്തിൽ സ്പന്ദിച്ചുനിൽക്കുന്നുണ്ട്. ആദ്യ നിയമസഭാ സ്പീക്കർ ആർ. ശങ്കരനാരായണൻ തമ്പിയുടെയും ആദ്യ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെയും മറ്റ് ഒട്ടേറെ മഹത്- വ്യക്തിത്വങ്ങളുടെയും ചിന്തകൾകൊണ്ടും ശബ്ദങ്ങൾകൊണ്ടും മുഖരിതമായ സഭാന്തരീക്ഷമാണ് ഇവിടെയുള്ളത്. പുരോഗമനാത്മകമായ നിരവധി നിയമനിർമ്മാണങ്ങൾ ഈ സഭയിൽ പാസ്സാക്കപ്പെട്ടിട്ടുണ്ട്. ജനക്ഷേമകരവും വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ളതുമായ പ്രധാനപ്പെട്ട നിരവധി തീരുമാനങ്ങൾ ഈ സഭാവേദിയിലുണ്ടായിട്ടുണ്ട്. 1888 മാർച്ച് 30-ന് രൂപീകരിക്കപ്പെട്ട നിയമനിർമ്മാണ കൗൺസിൽ 32 തവണ സിറ്റിംഗ് നടത്തിയെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. 1904-ൽ രൂപപ്പെട്ട ശ്രീമൂലം പ്രജാസഭ മുഖ്യമായും ഭൂവുടമകളുടെയും വ്യാപാരികളുടെയും സഭയായിരുന്നു. അന്ന് 6000 രൂപയോ അതിനുമുകളിലോ വാർഷിക വരുമാനമുള്ളവർക്കേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. ഇന്ന് വി.ജെ.ടി. ഹാൾ എന്നറിയപ്പെടുന്ന വിക്ടോറിയ ജൂബിലി ടൗൺഹാളിലായിരുന്നു ശ്രീമൂലം പ്രജാസഭയുടെ ആദ്യ സമ്മേളനം ചേർന്നത്.

ലെജിസ്ലേറ്റീവ് കൗൺസിലും ശ്രീമൂലം പ്രജാസഭയും ഒരുപോലെ നിലനിന്നിരുന്നു. കുമാരനാശാൻ, അയ്യൻകാളി തുടങ്ങിയ പ്രഗത്ഭരുടെ ഉജ്ജ്വല പ്രസംഗങ്ങൾ സാമൂഹ്യനീതിക്ക് വേണ്ടിയുള്ളതായിരുന്നു. പുരോഗമനപരവും വിപ്ലവാത്മകവുമായ അനേകം നിയമനിർമ്മാണങ്ങൾക്ക് ഈ സഭ വേദിയായിട്ടുണ്ട്. കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങൾ പല സംസ്ഥാനങ്ങളും മാതൃകയാക്കിയതിനെ ഗവർണ്ണർപോലും അഭിനന്ദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇവിടത്തെ നിയമങ്ങളുടെ ചുവടുപിടിച്ച് നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ക്ഷേത്രപ്രവേശന വിളംബരമുൾപ്പെടെയുള്ള കാര്യങ്ങൾ കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ ചരിത്രത്തിൽ വഹിച്ച പങ്ക് നിസ്തുലമാണ്. രാജകീയ വിളംബരങ്ങളിലൂടെ തിരുവിതാംകൂറിലെ വിവിധ സമുദായങ്ങളുടെ ക്ഷേമത്തിനായി കൊണ്ടുവന്ന നിയമങ്ങൾ വിസ്മരിക്കാൻ കഴിയുന്നതല്ല. ഭാഷാടിസ്ഥാനത്തിൽ ഒരു സംസ്ഥാനമായി മാറിയശേഷം 1957 ഏപ്രിൽ ആദ്യം നിലവിൽവന്ന ഒന്നാം കേരള നിയമസഭ നിരവധി പുരോഗമനാത്മകമായ നിയമനിർമ്മാണങ്ങൾക്ക് വേദിയായിട്ടുണ്ട്. 1957-ലെ കേരള കാർഷികബന്ധ ബിൽ കേരളത്തിലെ ഭൂഉടമ-കുടിയാൻ ബന്ധങ്ങളിൽ സമഗ്രവും സമൂലവുമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുന്നതിൽ ഈ നിയമ നിർമ്മാണം വലിയ പങ്ക് വഹിച്ചു. കൃഷിഭൂമിയിൽനിന്ന് കർഷകരെ ഒഴിപ്പിക്കുന്നത്

തടയുന്നതിനും കുടിയാൻമാർക്ക് ഉടമസ്ഥാവകാശം നൽകുന്നതിനും കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിക്കുന്നതിനും പരിധിയിൽ കവിഞ്ഞ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും ഭൂപരിഷ്കരണ നിയമത്തിലൂടെ സാധിച്ചു. തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പ്രോവിഡന്റ് ഫണ്ടുപോലെയുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമനിധികൾ ഏർപ്പെടുത്തുന്നതിനുമെല്ലാം ഈ സഭ കാലാകാലങ്ങളിൽ പാസ്സാക്കിയ നിയമങ്ങൾ വഴിവച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. 1958-ലെ കേരള എഡ്യൂക്കേഷൻ ആക്ട് വിദ്യാഭ്യാസരംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. വിവിധ സർവ്വകലാശാലാ നിയമങ്ങൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തിന് പ്രത്യേക ഉണർവ് നൽകുകയും പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുകയും സാർവ്വത്രിക വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്തു. ജനാധിപത്യത്തിന്റെ യഥാർത്ഥ ശക്തി അധികാര വികേന്ദ്രീകരണത്തിലാണെന്ന് മനസ്സിലാക്കി അതിനുതകുന്ന നടപടികൾ സ്വീകരിക്കാൻ ഈ സഭയ്ക്ക് കഴിഞ്ഞു. കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട് ജില്ലാ കൗൺസിലുകൾ രൂപീകരിക്കുന്നതിനും ഈ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സഹായിച്ചു. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ആദ്യമായി പഞ്ചായത്തുകളിൽ ത്രിതല സംവിധാനം ഏർപ്പെടുത്തിയത് കേരളമാണ്.

പഞ്ചായത്തുകൾക്ക് അധികാരവും ഉത്തരവാദിത്വവും നൽകുകവഴി വികസന പ്രക്രിയയിൽ ഗ്രാമങ്ങളുടെ പങ്കാളിത്തവും ജനങ്ങളുടെ ഇടപെടലുകളും കൂടുതൽ ഫലപ്രദമാക്കാൻ സാധിച്ചു. കേരള നിയമസഭയ്ക്ക് കാർഷിക രംഗത്ത് പുതുജീവൻ നൽകുന്ന നിരവധി നിയമനിർമ്മാണങ്ങൾ നടത്താൻ കഴിഞ്ഞു. 2008-ൽ പ്രവാസി കേരളീയരുടെ ക്ഷേമം മുൻനിർത്തിയുള്ള നിയമം ഈ സഭ പാസ്സാക്കുകയുണ്ടായി. തുഞ്ചത്ത് എഴുത്തച്ഛന്റെ പേരിലുള്ള മലയാളം സർവ്വകലാശാല മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും കേരള സംസ്കാരത്തിന്റെയും പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് അങ്ങേയറ്റം സഹായകരമായിത്തീർന്നു. പരിസ്ഥിതി സംരക്ഷണത്തിനും നദീതീര സംരക്ഷണത്തിനും കേരള നിയമസഭ പ്രത്യേകം നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ ആക്ട് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് വഹിച്ച പങ്ക് സ്തുത്യർഹമാണ്. സംസ്ഥാന പോലീസ് സേനയുടെ നിയന്ത്രണവും അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. പൗരന്മാരുടെ പ്രശ്നപരിഹാരത്തിനും നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും സർക്കാർ ജീവനക്കാരുടെ പ്രതിജ്ഞാബദ്ധത ഉറപ്പുവരുത്തുന്നതിനുമായി പാസ്സാക്കിയ സേവനാവകാശ നിയമം ഭരണം കൂടുതൽ സുതാര്യമാക്കുന്നതിനും

സർക്കാർ വിവരങ്ങൾ ഏത് പൗരനും ലഭ്യമാക്കുന്നതിനും അവസരമൊരുക്കി. യുവജന കമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്നിവ രൂപീകരിക്കാൻ നിയമനിർമ്മാണത്തിലൂടെ സാധിച്ചു. കാലികപ്രസക്തമല്ലാത്ത നിയമങ്ങളുടെ ക്രോഡീകരണവും കാലഹരണപ്പെട്ടവ റദ്ദാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തേണ്ടതാണ്. അടിയന്തരഘട്ടങ്ങളിൽ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾ സമയബന്ധിതമായി ബില്ലായി അവതരിപ്പിച്ച് പാസ്സാക്കാനും നിയമനിർമ്മാണ കാര്യത്തിൽ ജാഗ്രത പുലർത്താനും കഴിയണം. കൂട്ടായ കൃഷിരീതിയിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും കൃഷി ആദായകരമാക്കാനും കഴിയും. വിദ്യാഭ്യാസ രംഗത്ത് വലിയതോതിലുള്ള മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞെങ്കിലും നിലവാരം മെച്ചപ്പെടുത്താനുള്ള ഇടപെടലുകൾ ഇനിയും ശക്തമാക്കേണ്ടതുണ്ട്. വികസനത്തിന്റെ ഗുണം പാവപ്പെട്ടവരിലേയ്ക്കെത്തിക്കാൻ കൂട്ടായി പ്രവർത്തിക്കണം. നവോത്ഥാനമൂല്യങ്ങളിലൂടെയും പുരോഗമനപരമായ ആശയങ്ങളിലൂടെയും നേടിയെടുത്ത സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ ഉന്നതിയും വ്യതിരക്തതയും നിലനിർത്താൻ കഴിയണം. നിലവിലുള്ള വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് നിയമനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ അർത്ഥവത്താക്കാൻ ഈ ദിനം കൂടുതൽ കരുത്ത്

പകരുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പഴയ നിയമസഭാ മന്ദിരത്തിൽ യോഗം ചേരാൻ അവസരമുണ്ടാക്കിയ ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുന്നു. ഇൻഡ്യയ്ക്ക് മാതൃകയായ നിയമനിർമ്മാണങ്ങൾ പാസ്സാക്കിയ നിയമസഭയാണിത്. പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കാൻ പ്രചോദനമായത് കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റികളാണ്. 12 മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ 60 വർഷങ്ങളായി കേരളത്തിനുണ്ടായ നേട്ടങ്ങൾ മറ്റൊരു സംസ്ഥാനത്തിനും കരസ്ഥമാക്കാൻ കഴിഞ്ഞിട്ടില്ല. പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ തുടങ്ങിയവ കേരളത്തിന്റെ മുഖമുദ്രകളാണ്. പാർശ്വവൽക്കരിക്കപ്പെട്ടവർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞു. ഫ്യൂഡൽ വ്യവസ്ഥിതിയിൽനിന്ന് സാമൂഹിക നീതിയിലേയ്ക്ക് കേരള നിയമസഭ പരിവർത്തനം ചെയ്യപ്പെട്ടത് ചരിത്രത്താളുകളിൽ തങ്കലിപികളാൽ എഴുതപ്പെടണം. ഇൻഡ്യയിൽ ഐക്യമുന്നണി രാഷ്ട്രീയത്തിന് നേതൃത്വം കൊടുത്തതും കോമൺ മിനിമം പ്രോഗ്രാം ഏറ്റവും ഫലപ്രദമായി നടപ്പാക്കിയതും കേരളമാണ്. പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾ ഭരണപക്ഷം വിശ്വാസത്തിലെടുത്താൽ മാത്രമേ ജനാധിപത്യപ്രക്രിയ ഫലപ്രദമായി ശക്തിപ്പെടുത്താൻ

സാധിക്കുകയുള്ളൂ. നിയമസഭയിൽ നടക്കുന്ന ചർച്ചകൾ അർത്ഥപൂർണ്ണമാകുകയും നിയസഭാ സാമാജികർ അധികാരം ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യണം. സദ്ഭരണമാണ് സർക്കാരിന്റെ മുഖമുദ്രയായി മാറേണ്ടത്. ജനപ്രതിനിധികൾക്ക് വിശ്വാസ്യതയുണ്ടാകുകയും ഭരണ-പ്രതിപക്ഷ കക്ഷികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റമുണ്ടാകുകയും ചെയ്യണം. വികസന സമന്വയത്തിലൂടെ മാത്രമേ സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരള നിയമസഭയ്ക്ക് 60 വയസ്സ് പിന്നിട്ട ഈ അവസരത്തിൽ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. സാമൂഹിക പരിഷ്കർത്താക്കൾ ഇന്നത്തെ കേരളം രൂപപ്പെടുത്തിയെടുക്കുന്നതിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തു കൊണ്ടായിരിക്കണം പുതിയ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത്. കേരള നിയമസഭ പാസ്സാക്കിയ കർഷകബന്ധ ബിൽ കേരളത്തിന്റെ സാമൂഹിക പരിവർത്തനത്തിന് വലിയ സംഭാവനയാണ് നൽകിയിട്ടുള്ളത്. 1957-ലെ ആദ്യ ഗവൺമെന്റിന്റെ ശ്രമഫലമായി വിദ്യാഭ്യാസം മൗലികാവകാശമാക്കി മാറ്റാൻ സാധിച്ചു. സാമൂഹിക പരിവർത്തനത്തിനുവേണ്ടി കേരളം ആവിഷ്കരിച്ച നയങ്ങളും നടപടികളുമാണ് പിൽക്കാലത്ത് കേന്ദ്ര ഗവൺമെന്റും മറ്റ് സംസ്ഥാന

ഗവൺമെന്റുകളും അവരുടെ നയമായി സ്വീകരിച്ചത്. 12 മുഖ്യമന്ത്രിമാർ കേരളത്തിന് നൽകിയ സംഭാവനകൾ വളരെ വലുതാണ്. ലക്ഷക്കണക്കിന് കുടുംബങ്ങളെ ഭൂഉടമകളാക്കി മാറ്റിയ നിയമനിർമ്മാണം നടത്തിയ നിയമസഭയാണിത്. നിലവിലുള്ള ഭൂരഹിത, ഭവനരഹിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

ഡോ. എം. കെ. മുനീർ: 1957 ഏപ്രിൽ 29-ന് നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശങ്കരനാരായണൻ തമ്പിയെ അനുമോദിച്ചുകൊണ്ട് എന്റെ പിതാവായ സി.എച്ച്. മുഹമ്മദ് കോയ പ്രസംഗം നടത്തിയ അതേസ്ഥലത്തുനിന്നുകൊണ്ട് സംസാരിക്കാൻ അവസരം ലഭിച്ചതിൽ അഭിമാനിക്കുന്നു. മുസ്ലീം ലീഗ് മതേതരത്വത്തിനുവേണ്ടിയാണ് അന്നുമിന്നും നിലകൊള്ളുന്നത്. 1957-ലെ നിയമസഭയിൽ കേരള എഡ്യൂക്കേഷൻ ബിൽ, കേരള യൂണിവേഴ്സിറ്റി ബിൽ, അഗ്രേറിയൻ റിലേഷൻ ബിൽ ഉൾപ്പെടെ സുപ്രധാനമായ 88 ബില്ലുകൾ പാസ്സാക്കി. വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹിക പരിഷ്കരണ രംഗങ്ങളിൽ കേരള മോഡൽ സ്ഥാപിച്ചെടുക്കാൻ സാധിച്ചു. കേരളത്തെ മാതൃകയാക്കിയാണ് മറ്റ് സംസ്ഥാനങ്ങൾ പല നിയമങ്ങളും പാസ്സാക്കിയത്. വികസന കാര്യങ്ങളിൽ ഐക്യമുണ്ടാക്കാനും മനുഷ്യത്വം കാത്തുസൂക്ഷിക്കാനും സാധിക്കണം. മുൻകാലങ്ങളിലെ പ്രഗത്ഭരായ പല നേതാക്കളുടെയും പെരുമാറ്റം മാതൃകയാക്കണം.

സമ്പൂർണ്ണവും സമ്പുഷ്ടവുമായ നിയമനിർമ്മാണങ്ങൾക്കായി കൂടുതൽ സമയം ചെലവഴിക്കണം.

<u>ശ്രീ. സി. കെ. നാണു</u>: ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുന്നു. ഐതിഹാസികമായ പോരാട്ടങ്ങളിലൂടെ സാമൂഹികമായും വിദ്യാഭ്യാസപരമായും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിച്ചു. അനേകം നിയമനിർമ്മാണങ്ങൾ കേരള നിയമസഭ നടത്തിയിട്ടുണ്ടെങ്കിലും ജനങ്ങളുടെ അടിസ്ഥാനപരമായ താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. ജനാധിപത്യത്തെ സംരക്ഷിക്കാൻ പോരാട്ടം നടത്തിയിട്ടുള്ള ധാരാളം പ്രഗത്ഭരായ വ്യക്തികളുണ്ടായിരുന്ന സംസ്ഥാനമാണിത്. ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ പോരാട്ടം നടത്തിയ നേതാക്കളെ സ്മരിച്ചുകൊണ്ട് ഇന്ത്യയ്ക്ക് മാതൃകയാകുന്ന രീതിയിൽ മുന്നോട്ടുപോകാൻ ഭാവിയിലും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. കെ. എം. മാണി</u>: 60-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ നിയമസഭയിൽ ആദരവോടുകൂടി ഞാൻ ശിരസ്സ് നമിക്കുന്നു. തിരുകൊച്ചിയും മലബാറും ചേർന്നാണ് ഐക്യകേരളം രൂപീകൃതമായത്. വിവിധ ഭരണഘടനാ ഭേദഗതി നിയമങ്ങൾകൊണ്ട് സ്റ്റേറ്റ് ലിസ്റ്റിലെ പല അധികാരങ്ങളും കൺകറന്റ്

ലിസ്റ്റിലേയ്ക്ക് മാറ്റപ്പെട്ടു. ആദ്യ സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ നിയമം ചില ഭേദഗതികളോടുകൂടി യു.ഡി.എഫ്. സർക്കാർ പിന്നീട് നടപ്പിലാക്കി. 2006-ൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ 580 പുതിയ നിയമങ്ങൾ ശിപാർശ ചെയ്തുവെങ്കിലും അവയിലൊന്നുപോലും ഇതുവരെ നിയമമാക്കാൻ കഴിഞ്ഞിട്ടില്ല. 1961-ലെ ഭൂപരിഷ്കരണ നിയമത്തിന് 1969-ൽ കൊണ്ടുവന്ന ഭേദഗതികൾ കോടതി അസ്ഥിരപ്പെടുത്തിയെങ്കിലും പിന്നീട് അധികാരത്തിൽ വന്ന സർക്കാർ അത് ഒമ്പതാം പട്ടികയിൽ ഉൾപ്പെടുത്തി നിയമമാക്കി. കുടികിടപ്പുകാർക്ക് ഭൂമി നൽകുക, സ്വകാര്യവനം ദേശവൽക്കരിക്കുക തുടങ്ങിയ പുരോഗമനപരമായ നടപടികൾക്ക് ഈ സഭ സാക്ഷ്യം വഹിച്ചിട്ടുണ്ട്. കണ്ണൻ ദേവൻ നിയമമനുസരിച്ച് സർക്കാർ ഏറ്റെടുത്ത ഭൂമി കൃഷിക്കാർക്ക് നൽകാൻ കഴിയാത്തതു സംബന്ധിച്ച് പരിശോധിക്കണം. രാഷ്ട്രീയ ചർച്ചയ്ക്ക് പ്രാധാന്യം നൽകാതെ നിയമ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ സാധിക്കണം. നിയമസഭയുടെ 60-ാം വാർഷികം നടത്താൻ അവസരമൊരുക്കിയ സ്പീക്കർക്ക് നന്ദി രേഖപ്പെടുത്തുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: കേരള നിയമസഭയുടെ ചരിത്രത്തിൽ എല്ലാവർക്കും അഭിമാനിക്കാൻ വക നൽകുന്ന ഉജ്ജ്വല മുഹൂർത്തത്തിനാണ് നാം സാക്ഷ്യം വഹിക്കുന്നത്. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തിനുശേഷം 1957-

ലെ തെരഞ്ഞെടുപ്പിലൂടെയാണ് ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. തിരുവിതാംകൂറിലും മലബാറിലും നടന്ന നിരവധി ദേശീയ പ്രാദേശിക പ്രക്ഷോഭങ്ങളുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായാണ് ചരിത്രത്തിലാദ്യമായി ബാലറ്റ് പേപ്പറിലൂടെ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നത്. 1980-നുശേഷം വളരെയേറെ രാഷ്ട്രീയ മാറ്റങ്ങൾ സംസ്ഥാനത്തുണ്ടായി. വർഗ്ഗീയതയെയും സ്വേച്ഛാധികാര പ്രവണതയെയും ചെറുക്കാൻ മതേതര ജനാധിപത്യ ശക്തികളുടെയും പുരോഗമന ശക്തികളുടെയും കൂട്ടായ്മ അനിവാര്യമാണെന്ന സന്ദേശമാണ് അറുപതാം വാർഷികം ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ രാജ്യം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പുതിയ രാഷ്ട്രീയ സാഹചര്യത്തിൽ ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയുമോയെന്ന് എല്ലാ പാർട്ടികളും ആലോചിക്കേണ്ട ഘട്ടമാണിത്. മാതൃകാപരമായി കേരള നിയമസഭയെ ലോകത്തിനുമുന്നിൽ ഉയർത്തിക്കാട്ടാൻ നടത്തുന്ന ശ്രമങ്ങളിലൊന്നാണ് ഈ സവിശേഷ സമ്മേളനം. ഇതിന് മുൻകയ്യെടുത്ത ബഹു. സ്പീക്കറേയും ഗവൺമെന്റിനേയും അഭിനന്ദിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ആദ്യ നിയമസഭയുടെ 60-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ പഴയ സഭാഹാളിൽ സമ്മേളനം നടത്താൻ തീരുമാനിച്ച ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുന്നു. കേരള ജനാധിപത്യ

സംവിധാനത്തിൽ എന്റെ കുടുംബത്തിലെ മൂന്ന് തലമുറയിൽപ്പെട്ടവർക്ക് ജനവിശ്വാസം നേടി നിയമസഭയിലെത്താൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. രാജ്യത്തിന്റെ നന്മ ആഗ്രഹിക്കുന്ന ബഹുമുഖ പ്രതിഭകളായ അനേകം പ്രഗത്ഭന്മാരുടെ ഇരിപ്പിടത്തിൽ ഇരിക്കാൻ ഭാഗ്യം സിദ്ധിച്ചതിൽ എല്ലാവർക്കും ചാരിതാർത്ഥ്യമുണ്ട്. കേരള നിയമസഭ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാത്രമല്ല ലോകത്തിനുതന്നെ മാതൃകയാണ്. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി നിയമങ്ങൾ പാസ്സാക്കുന്നതിൽ മാതൃകയായ നിയമസഭയാണ് നമ്മുടേത്. ആ നിയമ നിർമ്മാണങ്ങൾ ജനങ്ങൾക്ക് എത്രത്തോളം ഉപകാരപ്പെട്ടുവെന്ന് ചിന്തിക്കേണ്ടതുണ്ട്. 60 വർഷം പിന്നിട്ട ഈ സന്ദർഭത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ഇന്ത്യൻ ഭരണഘടനയനുസരിച്ച് വിഭാവന ചെയ്യുന്ന ആനുകൂല്യങ്ങളും സുരക്ഷയും നിയമങ്ങളും എത്രത്തോളം ഫലവത്തായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് ആലോചിക്കണം. പ്രകൃതി സംരക്ഷണത്തിനും വയലുകൾ നികത്തുന്നതിനെതിരെയുമുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞോ എന്ന് പരിശോധിക്കേണ്ടതുണ്ട്. നാടിന്റെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തണം. വിദ്യാഭ്യാസ നിയമം നടപ്പാക്കിയ അതേ സഭയ്ക്കുള്ളിൽ മലയാള ഭാഷാ ബിൽ അവതരിപ്പിക്കാൻ മുൻകയ്യെടുത്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ജലസംരക്ഷണത്തിനായി നിയമം

കൊണ്ടുവരാനും മഴവെള്ളം സംഭരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാനും മുൻകയ്യെടുക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഐതിഹാസികമായ ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ നിയമസഭാ വേദിയിൽ ഇത്തരമൊരു സംഗമത്തിന് അവസരമൊരുക്കിയ സ്പീക്കറെ അഭിനന്ദിക്കുന്നു. ഇന്ത്യയ്ക്കാകെ മാതൃകയായ നിയമനിർമ്മാണങ്ങൾ നടത്തി ചരിത്രത്തിൽ ഇടം നേടിയ കേരള നിയമസഭ ഒരസുലഭ മുഹൂർത്തത്തിനാണ് ഇന്ന് സാക്ഷ്യം വഹിക്കുന്നത്. ഐക്യകേരള രൂപീകരണത്തിനുശേഷം അധികാരത്തിൽ വന്ന ഇ.എം.എസ്. മന്ത്രിസഭ മുതൽ പിണറായി വിജയൻ മന്ത്രിസഭ വരെയുള്ള ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങൾ ഇന്ത്യയ്ക്ക് മാതൃകയായി തീരുന്ന അവസരത്തിൽ ഇത്തരമൊരു കൂട്ടായ്മയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ സന്തോഷം രേഖപ്പെടുത്തുന്നു.

ശ്രീ. ഒ. രാജഗോപാൽ: പഴയ നിയമസഭയിൽ സംസാരിക്കാൻ അവസരം കിട്ടിയതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നു. ആദ്യ നിയമസഭ ചേരുമ്പോഴുണ്ടായിരുന്ന രാഷ്ട്രീയ പാർട്ടികൾ പലതും ഇല്ലാതാവുകയും പുതിയ രാഷ്ട്രീയ പാർട്ടികൾ ഉടലെടുക്കുകയും ചെയ്ത സാഹചര്യത്തിൽ മാറ്റം ഉൾക്കൊള്ളാൻ തയ്യാറാകാത്ത സമീപനം ജനാധിപത്യത്തിന് ഭൂഷണമല്ല. ഭരണഘടനയുടെ

മൂല്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ മന്ത്രിമാർ തയ്യാറാകണം. വി.ജെ.റ്റി. ഹാളിന് അയ്യങ്കാളിയുടെ നാമധേയം നൽകാനുള്ള നടപടി സ്വീകരിക്കണം. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്ക് തുല്യ അവകാശം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> ആദ്യ നിയമസഭാ സമ്മേളനത്തിന്റെ അറുപതാം വാർഷികമാഘോഷിക്കുന്ന വേളയിൽ കേരളത്തിന്റെ മുന്നേറ്റ ചരിത്രത്തിന് ശില പാകിയ ദിനത്തിന്റെ ഓർമ്മകളാണ് നിറയുന്നത്. ഇത്തരമൊരു അവസരമൊരുക്കിയ ബഹു.സ്പീക്കറെയും എൽ.ഡി.എഫ്. സർക്കാരിനെയും അഭിനന്ദിക്കുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം 1956 നവംബർ 1-ന് ഐക്യ കേരളമെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും 1957 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തുകയും ചെയ്തു. 1957 ഏപ്രിൽ 5-ന് ഇ.എം.എസ്. സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റതിന്റെ ആറാം ദിവസം കൊണ്ടുവന്ന കുടിയിറക്കൽ നിരോധന ഓർഡിനൻസ് കേരളത്തിന്റെ സാമൂഹ്യജീവിതം മെച്ചപ്പെടുത്താനുള്ള നടപടികളുടെ ആദ്യപടിയായിരുന്നു. വിദ്യാഭ്യാസ ബിൽ, കാർഷിക പരിഷ്കരണം അടക്കമുള്ള നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ സഭ വേദിയായി. സാമാജികരുടെ ഇടപെടലുകളും ആശയങ്ങളുമാണ് കേരള

ചരിത്രത്തെയും സാമൂഹ്യ ജീവിതത്തെയും ഉയരങ്ങളിലേയ്ക്ക് എത്തിച്ചത്. കാലവും ജീവിതവും മാറിയതിനനുസരിച്ച് പല പ്രതിസന്ധികളും തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. വർഷത്തിന്റെ മൂന്നിലൊന്ന് സമയംപോലും സഭ സമ്മേളിക്കുന്നില്ല. സഭാ സമ്മേളനങ്ങളിലെ ഗൗരവതരമായ ഇടപെടലുകളേക്കാൾ നാവുപിഴവുകൾക്കും തമാശകൾക്കും മാധ്യമ ശ്രദ്ധ ലഭിക്കുന്നത് ശരിയായ രീതിയല്ല. കാർഷിക ഭൂപരിഷ്കരണ ബിൽ 124 മണിക്കൂർ ചർച്ച ചെയ്ത് പാസ്സാക്കിയത് ഈ ചരിത്രസ്മാരകത്തിലാണ്. ഇതിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനും ഇന്നത്തെ സങ്കീർണ്ണ സാഹചര്യങ്ങളിൽ ഇടപെടുന്നതിന് കരുത്താർജ്ജിക്കുന്നതിനുമുള്ള ലക്ഷ്യസാക്ഷാത്കാരത്തിന്റെ ഓർമ്മപ്പെടുത്തലായി ഇന്നത്തെ സമ്മേളനം മാറട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : 1970-ൽ നിയമസഭയിലേയ്ക്ക് വരികയും 1998 വരെ തുടർച്ചയായി 28 വർഷക്കാലം ഈ മന്ദിരത്തിൽ പ്രവർത്തിക്കാൻ സാധിക്കുകയും ചെയ്ത നിയമസഭാ സാമാജികനായ എന്റെ പഠനക്കളരി ഈ നിയമസഭാ ഹാളാണ്. വർഷത്തിലൊരിക്കൽ ഇത്തരമൊരു കൂട്ടായ്മ നടത്തുന്നതിന് ശ്രമിക്കണം. വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ മേഖലകളിൽ അഭിമാനകരമായ നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഐ.ടി., ടൂറിസം മേഖലകളിൽ അർഹിക്കുന്ന പുരോഗതി കൈവരിക്കുന്നതിനും നമുക്ക് സാധിച്ചിട്ടില്ല.

നഷ്ടപ്പെട്ട അവസരങ്ങൾ തിരിച്ചുപിടിക്കാൻ സമവായത്തോടുകൂടിയ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. കേരളത്തിന്റെ നേട്ടങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച വിദേശ മലയാളികളുടെ പങ്ക് മറക്കാൻ സാധിക്കില്ല. പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ സഹിഷ്ണുതയോടെ മുന്നേറണം. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മാതൃകയാകാൻ കൂട്ടായി ശ്രമിക്കണം.

ശ്രീ. എൻ. വിജയൻ പിള്ള : ബഹു. സ്പീക്കറും മുഖ്യമന്ത്രിയും മറ്റു കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുന്നു. ആദ്യ കേരള നിയമസഭയുടെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന സുപ്രധാന ദിനമാണിന്ന്. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഐക്യത്തോടുകൂടി പ്രവർത്തിക്കാൻ സന്നദ്ധമാകണം.

ശ്രീ. പി. സി. ജോർജ്: ഇ.എം.എസ്.-ന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ജനാധിപത്യ പ്രക്രിയയിലൂടെ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റുകാരനാണ് ഇ.എം.എസ്. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾക്കും അംഗീകാരം നൽകിയില്ലെങ്കിൽ ഒരു രാഷ്ട്രീയ പാർട്ടിക്കും മുന്നോട്ട് പോകാൻ സാധിക്കുകയില്ലെന്ന പാഠം പഠിപ്പിച്ച ആളാണ് അദ്ദേഹം. കേരളത്തിൽ സോഷ്യലിസ്റ്റ് കാഴ്ചപ്പാടോടുകൂടി

പ്രവർത്തിക്കാൻ പ്രചോദനമുണ്ടായത് മഹാനായ ഇ.എം.എസ്.-ന്റെ പ്രവർത്തനങ്ങളുടെ ഫലമായാണ്. 33 ലക്ഷത്തോളം എസ്.സി./എസ്.ടി. വിഭാഗക്കാരുള്ളതിൽ ഇരുപത്തിയെട്ട് ശതമാനവും പുറമ്പോക്കിലാണ് താമസിക്കുന്നത്. യു.ഡി.എഫ്./എൽ.ഡി.എഫ്. ഗവൺമെന്റുകൾ സംസ്ഥാനത്ത് മാറിമാറി ഭരിച്ചിട്ടും ഈ വിഭാഗങ്ങളോട് നീതി പുലർത്താൻ സാധിച്ചിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ ഉണ്ടാകണം. മത്സ്യത്തൊഴിലാളികൾ, പിന്നോക്ക വിഭാഗക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്കുവേണ്ടി ശക്തമായ ഇടപെടൽ നടത്താൻ ജനപ്രതിനിധികൾ തയ്യാറാകണം. മന്ത്രിമാർ സഭയിൽ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം.

## II ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>വിദ്യാഭ്യാസ വായ്പ</u>

വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## III നിയമനിർമ്മാണകാര്യം

<u>2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## IV ക്രമപ്രശ്നം

### ബില്ലിലെ അവ്യക്തത

ശ്രീ. എം. ഉമ്മർ: നിയനിർമ്മാണ കാര്യത്തിൽ ഭിന്നസ്വരം രേഖപ്പെടുത്തേണ്ടിവന്നതിൽ ഖേദിക്കുന്നു. ഈ ബില്ലിനോട് അക്ഷരാർത്ഥത്തിൽ യോജിക്കുന്നുണ്ടെങ്കിലും അത് നടപ്പിലാക്കുമ്പോൾ ഭരണഘടനാപരമായ ചില പ്രശ്നങ്ങൾ ഉണ്ടാകും. നിലവിലുള്ള ഭാഷാപരമായ സന്തുലിതാവസ്ഥ സംരക്ഷിക്കപ്പെടേണ്ടത് സ്റ്റേറ്റിന്റെ കർത്തവ്യവും ജനതയുടെ മൗലികാവകാശവുമാണ്. എന്നാൽ ഇത്തരമൊരു നിയമം പ്രാബല്യത്തിൽ വന്നാൽ ന്യൂനപക്ഷ ഭാഷാവിഭാഗങ്ങളുടെ മൗലികാവകാശങ്ങൾ ലംഘിക്കപ്പെടും. 2012-ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. മാത്രമാണ്

സർക്കാർ നൽകുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 254 പ്രകാരം കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാന ഗവൺമെന്റിന് നിയമനിർമ്മാണം നടത്താൻ സാധിക്കുകയില്ല. കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് ഈ സ്കൂളുകളിൽ പാഠ്യപദ്ധതി തീരുമാനിച്ചിട്ടുള്ളത്. നിയമനിർമ്മാണത്തിലൂടെ പ്രസ്തുത വ്യവസ്ഥകൾ മറികടക്കാൻ ശ്രമിച്ചാൽ നിയമപരമായ നിലനിൽപ്പുണ്ടാകില്ല. ഇന്ത്യൻ ഭരണഘടന പ്രകാരം വിദ്യാഭ്യാസം മൗലികാവകാശമാണ്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നിലനിൽക്കുന്ന സാഹചര്യത്തിൽ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെ എൻ.ഒ.സി. റദ്ദാക്കിയാൽ ബില്ലിന്റെ സാധുത നഷ്ടപ്പെടും. ചില സി.ബി.എസ്.ഇ. സ്കൂളുകളെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ചില വിദ്യാലയങ്ങളെ ഒഴിവാക്കുകയും ചെയ്യുന്നത് വിവേചനമാണ്. ഇത്തരം നടപടികൾ മൗലികാവകാശത്തിനെതിരാകുമെന്നതിനാൽ പ്രസ്തുത നിയമം പിൻവലിക്കണം.

<u>ശ്രീ. കെ.എം. മാണി</u>: ഈ ബില്ലിൽ ഭരണഘടനാപരമായ പല പ്രശ്നങ്ങളുമുണ്ട്. 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കണമെന്നതാണ് ബില്ലിലെ ക്ലോസ് 3(1)-ൽ പരാമർശിക്കുന്നത്. കേന്ദ്ര നിയമത്തിന്റെ അധികാര പരിധിയിലേയ്ക്കുള്ള കടന്നുകയറ്റമായതിനാൽ ഇക്കാര്യം

വിശദമായി പരിശോധിക്കണം. ഭരണഘടനയുടെ ആർട്ടിക്കിൾ 254 അനുസരിച്ച് പ്രസിഡന്റിന്റെ അസെന്റ് വാങ്ങിയാൽ മാത്രമേ നിയമപ്രാബല്യം ലഭിക്കുകയുള്ളൂ. 2009-ലെ റൈറ്റ് ഓഫ് ചിൽഡ്രൻ ടു ഫ്രീ ആന്റ് കമ്പൽസറി എഡ്യൂക്കേഷൻ ആക്ടാണ് കേന്ദ്രത്തിൽ നിലവിലുള്ള സമാനമായ ആക്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സ്കൂളുകൾക്ക് ഡയറക്ഷൻ നൽകാൻ സ്റ്റേറ്റ് ഗവൺമെന്റിന് അധികാരമില്ല. ആയതിനാൽ ഇക്കാര്യത്തിൽ പുനർചിന്തനം നടത്തണം. മൈനോറിറ്റീസിന്റെ ചോയിസ് അനുസരിച്ചുള്ള വിദ്യാഭ്യാസത്തെക്കുറിച്ചാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 30-ൽ പരാമർശിക്കുന്നത്. ജൂറിസ്ഡിക്ഷനില്ലെങ്കിൽ അതിനെക്കുറിച്ച് വിശദമായ ചർച്ച വേണമെന്നാണ് നിയമം സൂചിപ്പിക്കുന്നത്. ബില്ലിലെ വ്യവസ്ഥകൾ പ്രസ്തുത നിയമത്തിന്റെ ലംഘനമാണ്. ആർട്ടിക്കിൾ 348 (3) അനുസരിച്ച് ഇംഗ്ലീഷ് അല്ലാതെ മറ്റ് ഭാഷകളിലാണ് ബില്ലുകളെങ്കിൽ അതിന്റെ ആധികാരികമായ ഇംഗ്ലീഷ് തർജ്ജിമ കൂടി എൻക്ലോസ് ചെയ്യണം. ബില്ലുകൾ മലയാളത്തിലായിരിക്കണമെന്ന് നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ പരാമർശിക്കുന്നുണ്ടെങ്കിലും അതിന്റെ ആധികാരിക രേഖ ഗവർണ്ണർ അപ്രൂവ് ചെയ്ത് പബ്ലിഷ് ചെയ്യുന്ന ഇംഗ്ലീഷ് തർജ്ജിമയായിരിക്കും. ഇംഗ്ലീഷും മലയാളവും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്നാണ് കേരള നിയമത്തിൽ

പരാമർശിച്ചിട്ടുള്ളത്. ഇന്റർവ്യൂ, ഹയർ സ്റ്റഡീസ്, ടെക്നിക്കൽ സ്റ്റഡീസ്, അഖിലേന്ത്യാ മൽസരപ്പരീക്ഷകൾ എന്നിവയ്ക്ക് ഇംഗ്ലീഷ് ഭാഷ അവിഭാജ്യഘടകമാണ്. ഈ നിയമം ഗവൺമെന്റ് പുന:പരിശോധിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: നിയമങ്ങൾ ഭരണഘടനാനുസൃതമായിരിക്കണം. ഭരണഘടനാവിരുദ്ധമായി ഒരു നിയമം പാസ്സാക്കിയാൽ അതിന് നിലനിൽപ്പുണ്ടാകില്ല. അതിനനുസരിച്ച് അവധാനതയോടുകൂടി പ്രിപ്പറേഷൻ ഉണ്ടാകണം. ഈ ബില്ലിന് പ്രസിഡന്റിന്റെ അസെന്റ് ലഭിക്കാതെ കോടതി തള്ളിക്കളഞ്ഞാൽ നിയമസഭയ്ക്കുതന്നെ അതൊരു പോരായ്മയായി മാറും. കേരളത്തിൽ മലയാളികളല്ലാത്ത ധാരാളം ജനവിഭാഗങ്ങളുണ്ട്. ചിലപ്പോൾ അവരുടെ ഭാഗത്തുനിന്ന് എതിർപ്പുകൾ ഉണ്ടാകും. ഭരണഘടനയുടെ ആർട്ടിക്കിൾ 29 അനുസരിച്ച് ഈ നിയമത്തിനെതിരെ കോടതിയിൽപ്പോയാൽ അതിന് നിയമ സാധുത ഉണ്ടാകുകയില്ല. ആയതിനാൽ ഈ ബിൽ പിൻവലിച്ച് സമഗ്രമായ ഒരു ബിൽ കൊണ്ടുവരാൻ ശ്രമിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബില്ലുമായി ബന്ധപ്പെട്ട ക്രമപ്രശ്നത്തിന് ഇവിടെ യാതൊരു പ്രസക്തിയുമില്ല. 2017-18 അദ്ധ്യയന വർഷം മുതൽ

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒന്ന് മുതൽ പത്താം ക്ലാസുവരെ മലയാളം നിർബന്ധമായും പഠിപ്പിക്കണം. മലയാളികളുടെ ചിരകാല സ്വപ്നമാണ് ഇതിലൂടെ യാഥാർത്ഥ്യമാകുന്നത്. പ്രസ്തുത നിയമം നിയമസഭയുടെ ചരിത്രത്തിൽ സ്വർണ്ണലിപികളിൽ എഴുതപ്പെടും. രാഷ്ട്രീയമായോ നിയമപരമായോ ഈ നിയമത്തെ എതിർക്കേണ്ട യാതൊരു ആവശ്യവുമില്ല. ഇവിടെ നിയമപരമായ എതിർപ്പുണ്ടായാൽ മറുപടി നൽകാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. 2006-ൽ ഇതിന് സമാനമായ ഒരു നിയമം തമിഴ്നാട് നിയമസഭയിൽ കൊണ്ടുവരികയുണ്ടായി. ഈ ബില്ലുമായി ബന്ധപ്പെട്ട് ഭരണഘടനാപരമായ പ്രശ്നങ്ങളൊന്നും ഇല്ലാത്തതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷനുമായി ബന്ധപ്പെട്ടുവരുന്ന കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ ആശങ്കയുടെ ആവശ്യമില്ല. 2009-ലെ 'Right of Children to Free and Compulsory Education Act'-ന്റെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും സ്കൂളിന്റെ അംഗീകാരം പിൻവലിച്ചാൽ സമീപ സ്കൂളുകളിൽ അവിടെയുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയെന്നുള്ളത് മാൻഡേറ്ററിയാണ്. സ്പെഷ്യൽ കാറ്റഗറി വിഭാഗത്തെ ബില്ലിൽ ഒഴിവാക്കിയിട്ടില്ല. ബില്ലിൽ നിർവ്വചനത്തിലെ 2(b) പ്രകാരം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണപരിധിയിൽ വരുന്ന സ്കൂളുകൾക്ക് മാത്രമേ ഈ നിയമം ബാധകമാകുകയുള്ളൂ.

**റൂളിംഗ്**

മി. സ്പീക്കർ: ബില്ലിലെ വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ നിയമസഭയുടെ നിയമനിർമ്മാണ അധികാരങ്ങൾക്ക് പുറത്താണെന്നും ഭരണഘടനാ വിരുദ്ധമാണെന്നുമുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. ബില്ലിലെ ഏതാനും ചില ഖണ്ഡങ്ങളെ സംബന്ധിച്ച് ആഴത്തിലുള്ള പഠനവും പരിശോധനയും സബ്ജക്ട് കമ്മിറ്റിതലത്തിൽ നടത്താനുള്ള അവസരം അംഗങ്ങൾ വിനിയോഗിക്കണം. ബില്ലിന്റെ അവതരണത്തിനെതിരെയുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): മാതൃഭാഷ പഠിക്കുക എന്നത് ഭരണഘടനാപരമായ അവകാശമായതുകൊണ്ട് കേരളത്തിലെ എല്ലാ കുട്ടികളും മലയാളം പഠിക്കണമെന്ന ആശയം മുൻനിർത്തിക്കൊണ്ടുവേണം ഈ ബില്ലിനെ സമീപിക്കേണ്ടതും ചർച്ച ചെയ്യേണ്ടതും. മലയാള ഭാഷാ പഠനം നിരവധി വെല്ലുവിളികൾ നേരിടുന്ന പശ്ചാത്തലത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

കേരളത്തിലെ സ്കൂളുകളിൽ പത്താം ക്ലാസ്സുവരെ പഠിക്കുന്ന എല്ലാ കുട്ടികളും മലയാളം പഠിച്ചിരിക്കണമെന്നുള്ള ബില്ലിന്റെ പ്രഥമ ലക്ഷ്യം നടപ്പിലാക്കുമ്പോൾ നിലവിലുള്ള കുട്ടികളുടെ അവകാശം നിഷേധിക്കപ്പെടുകയോ ആരുടെയെങ്കിലും തൊഴിൽ നഷ്ടപ്പെടുകയോ ചെയ്യുന്നില്ല. കേരളത്തിലെ എല്ലാ കുട്ടികളും മലയാളം എഴുതാനും വായിക്കാനും പഠിക്കുക എന്നത് മാത്രമല്ല ഈ ബില്ലിന്റെ ആത്യന്തിക ലക്ഷ്യം. കേരളത്തിലെ ഒരു വിദ്യാലയത്തിലും മലയാളം സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്താൻ പാടില്ല. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയാലും മാതൃഭാഷ തെറ്റുകൂടാതെ എഴുതാൻ കഴിയാത്ത ഒരു വിഭാഗം കുട്ടികൾ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുവെന്ന ആക്ഷേപവും മാതൃഭാഷ പഠനവിഷയമല്ലാതാകുന്നുവെന്ന പ്രശ്നവും പരിഹരിക്കപ്പെടേണ്ടതുണ്ട്. മറ്റൊരു ഭാഷ അനുകരിച്ചു ശീലിച്ച ഒരാൾക്ക് ചിന്താപരമായ അടിമത്തം നേരിടേണ്ടിവരുന്നത് വൈജ്ഞാനികപരമായ വികസനത്തിന് തടസ്സമായിത്തീരും. ആ അടിമത്തത്തെ ക്രിയാത്മകമായി പ്രതിരോധിക്കാൻ കൂടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്നത് വിവിധ മാനവിക മണ്ഡലങ്ങളുടെ വളർച്ചയ്ക്കുവേണ്ടിയാണ്. മനുഷ്യവികസനത്തിനുള്ള ഒരു തടസ്സവും ഈ ബില്ലിൽ പ്രതിപാദിച്ചിട്ടില്ല.

ശ്രീ. വി. ടി. ബൽറാം: I move that "  This House resolves to disapprove

the Malayalam Language (Compulsory Language) Ordinance, 2017 (Ordinance No. 5 of 2017). 2011 സെപ്റ്റംബർ 1-നാണ് മലയാളം നിർബന്ധിത ഭാഷയാക്കിയത്. 2015 ഡിസംബർ 17-ന് നിയമസഭ പാസ്സാക്കിയ 'മലയാള ഭാഷയുടെ വ്യാപനവും പരിപോഷണവും' സംബന്ധിച്ച ബില്ലിന് ഇപ്പോഴും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന വസ്തുതകൂടി കണക്കിലെടുത്തുവേണം പുതിയ ബില്ലിനെക്കുറിച്ച് ചിന്തിക്കാൻ. 2013-ൽ മലയാളത്തെ ക്ലാസ്സിക്കൽ ഭാഷയായി അംഗീകരിച്ചെങ്കിലും ക്ലാസ്സിൽ പഠിപ്പിക്കുന്ന ഭാഷയായി മലയാളം ഇതുവരെയും മാറിയിട്ടില്ലാത്തതിനാലാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം ആവശ്യമായി വന്നത്. എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കേണ്ടതിനെക്കുറിച്ചും ഭാഷാപരമായ വിവേചനത്തെക്കുറിച്ചും ചിന്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഈ ബിൽ നിയമമായി 2017 അദ്ധ്യയന വർഷം മുതൽ നടപ്പാക്കുമ്പോൾ പ്രായോഗികതലത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് വിദ്യാഭ്യാസ വകുപ്പിനുണ്ടാകണം. മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ മാതൃഭാഷയിൽ എഴുതുന്ന സാഹചര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. യു.പി.എസ്.സി.-യുടെ സിവിൽ സർവ്വീസ് പരീക്ഷകൾ മലയാളത്തിലെഴുതാമെന്നിരിക്കെ കേരള പി.എസ്.സി.-യുടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്

പരീക്ഷ മാതൃഭാഷയിൽ എഴുതാൻ സാധിക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. ഭാഷാന്യൂനപക്ഷങ്ങളുടെ ആശങ്കകൾ പരിഹരിക്കണം. മാതൃഭാഷയുടെ പരിപോഷണത്തിനായി നിരവധി സാങ്കേതിക പദങ്ങൾ മലയാളത്തിൽ സൃഷ്ടിച്ചെടുക്കാൻ സാധിക്കണം.

ശ്രീ. മോൻസ് ജോസഫിനുവേണ്ടി ഡോ. എൻ. ജയരാജ്: ബില്ലിന്റെ ആശയത്തോട് യോജിക്കുകയാണ്. 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിൽ 'നിർബന്ധിത ഭാഷ' എന്നതിനുപകരം 'പ്രധാന ഭാഷ' എന്നാക്കി മാറ്റുന്നത് അഭികാമ്യമായിരിക്കും. പ്രാദേശിക ഭാഷയ്ക്ക് പ്രാധാന്യം നൽകുമ്പോൾ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കണമെന്ന് പറയുന്നതിന് പകരം ഒന്നു മുതൽ +2 വരെയുള്ള ക്ലാസ്സുകളിൽ ഭാഷാ പഠനം നിർബന്ധമാക്കേണ്ടതാണ് എന്നാണ് വേണ്ടത്. ബില്ലിൽ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകളിലെ മാനേജർമാർക്കും പ്രധാന അദ്ധ്യാപകനും ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടാകണം. സ്വന്തം ഭാഷ നിലനിർത്തുക എന്നത് ഓരോ മലയാളിയുടേയും അഭിമാനത്തിന്റെ പ്രശ്നമാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-05-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചരിത്രപ്രധാനമായ ഒരു ബില്ലാണ്

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. 60 വർഷങ്ങൾക്ക് മുമ്പ് കേരളത്തിൽ വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ്. അൺ എയ്ഡഡ് വിദ്യാലയങ്ങൾ നടത്തി കോടികൾ കൊള്ളയടിക്കുന്നവരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ചിലർ ഈ ബില്ലിനെ എതിർക്കുന്നത്. കേരളത്തിലെ വിദ്യാലയങ്ങളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരുവിധ നിരോധനവും ഏർപ്പെടുത്താൻ പാടില്ലെന്ന് നിയമത്തിൽ പറയുന്നുണ്ടെങ്കിലും മലയാളം സംസാരിച്ചതിന് കുട്ടികളെ മർദ്ദിക്കുകയും വിദ്യാലയങ്ങളിൽ നിന്ന് പുറത്താക്കുകയും ചെയ്യുന്ന സംഭവങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. കർശനമായ നടപടികളിലൂടെ മലയാള ഭാഷയെ സംരക്ഷിക്കുന്നതിനും പുതിയ സംസ്കാരത്തിലേയ്ക്ക് കേരളത്തെ എത്തിക്കുന്നതിനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റേയും സമുന്നതരായ നേതാക്കളുടേയും സാമൂഹ്യ-സാഹിത്യ നായകന്മാരുടേയും നേതൃത്വത്തിലാണ് മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. മലയാളം ഔദ്യോഗിക ഭാഷായാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 1957 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. പ്രാഥമിക വിദ്യാഭ്യാസതലം മുതൽ മലയാളം നിർബന്ധമാക്കിയാൽ മാത്രമേ നമ്മുടെ ഭാഷ സംസ്കാരസമ്പന്നമാകൂ. സാങ്കേതികപദങ്ങൾ മലയാള

ത്തിലാക്കുന്നതിനും പുതിയ പദങ്ങൾ കണ്ടെത്തുന്നതിനുമായി രൂപീകരിച്ച മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. എട്ടാം ക്ലാസ്സുവരെ പഠന മാധ്യമം മാതൃഭാഷയിലായിരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ നിർദ്ദേശം ഈ നിയമത്തിന് കൂടുതൽ ബലം നൽകുന്നതാണ്. മലയാളഭാഷയുടെ മനോഹാരിതയും പ്രത്യേകതയും സംരക്ഷിക്കുന്നതിനും മാതൃഭാഷാപഠനം നിർബന്ധമാക്കാനുമുള്ള ഈ നിയമത്തിനെതിരെയുള്ള നീക്കങ്ങളെ കൂട്ടായി ചെറുക്കാൻ സാധിക്കണം.

ശ്രീ. കെ. സി. ജോസഫ്: 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ഔദ്യോഗിക ഭാഷ ഇംഗ്ലീഷും മലയാളവുമാണെന്ന 1969-ലെ കേരള ഒഫിഷ്യൽ ലാംഗ്വേജ് ആക്ടിലെ വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ ബില്ലിലെ റിപ്പീലിംഗ് ക്ലോസിൽ ആവശ്യമായ മാറ്റം വരുത്താൻ തയ്യാറാകണം. മുൻ സർക്കാരിന്റെ കാലത്ത് സഭ ഏകകണ്ഠമായി പാസ്സാക്കിയ 2015-ലെ മലയാളഭാഷ വ്യാപനവും പരിപോഷണവും ബിൽ ഭരണഘടനാപരമായ കോമ്പിറ്റൻസി പരിശോധിക്കുന്നതിന് ഇൻഡ്യൻ പ്രസിഡന്റിന് അയച്ചുകൊടുത്തെങ്കിലും നാളിതുവരെയും മടങ്ങിവന്നിട്ടില്ല. കേന്ദ്ര ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ.

സ്കൂളുകളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്നതിന് നിയമപരമായി കഴിയില്ല. ഈ ബില്ലിന്റെ കോമ്പിറ്റൻസിയെ സംബന്ധിച്ച് തർക്കമുയർന്ന സാഹചര്യത്തിൽ സെലക്ട് കമ്മിറ്റി പരിഗണിക്കുമ്പോൾ എ.ജി.യെ വിളിച്ചുവരുത്തി അഭിപ്രായമാരായുന്നതിനും പോരായ്മകൾ പരിശോധിച്ച് ബിൽ കുറ്റമറ്റതാക്കുന്നതിനും നടപടിയുണ്ടാകണം. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മലയാളം ഒന്നാം ഭാഷയാക്കുന്നതിനും മലയാളം സർവ്വകലാശാല രൂപീകരിക്കുന്നതിനും മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി കൈവരിക്കുന്നതിനും സാധിച്ചത് പ്രധാന നേട്ടങ്ങളാണ്. പ്രവാസി മലയാളി കുട്ടികളുടെ ഭാവിക്ക് ദോഷകരമായതൊന്നും ബില്ലിലുണ്ടാകാൻ പാടില്ല. ഗൾഫ് രാജ്യങ്ങളിൽ മലയാളി സംഘടനകൾ മാതൃഭാഷാ ക്ലാസ് നടത്തുന്നുണ്ടെങ്കിലും പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിന് സാധിക്കാത്ത സാഹചര്യമാണുള്ളത്. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും മലയാള ഭാഷയോടൊപ്പം അതാത് സ്ഥലങ്ങളിലെ ന്യൂനപക്ഷ ഭാഷയും ഉപയോഗിക്കേണ്ടതാണെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബില്ലിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും ഇവിടെ ഉന്നയിച്ച പ്രയാസങ്ങളും ആശങ്കകളും ദൂരീകരിക്കുന്നതിനും സബ്ജക്ട് കമ്മിറ്റിയിലെ ചർച്ചയിലൂടെ സാധിക്കണം.

ഡോ. എം. കെ. മുനീറിനുവേണ്ടി ശ്രീ. കെ. എം. ഷാജി: ബില്ലിന്റെ സൂക്ഷ്മത

എല്ലാ തലത്തിലും പാലിക്കാനുള്ള ശ്രദ്ധയുണ്ടാകണം. സ്കൂളുകളിലെ വാർഷിക കലണ്ടറിൽ മലയാളം എത്ര മണിക്കൂർ പഠിപ്പിക്കണമെന്നത് രേഖപ്പെടുത്തണം. മലയാളം മീഡിയം സ്കൂളുകളിലുള്ള പാഠപുസ്തകത്തിന് സമാനമായ സിലബസ് സി.ബി.എസ്.ഇ. സ്കൂളുകളിലും കൊണ്ടുവരാൻ ശ്രമിക്കണം. കേരളത്തിൽ മാതൃഭാഷ ഒന്നാം ഭാഷയാക്കുന്നതിന് 2011-ലെ ഭാഷാ ഉത്തരവ് നടപ്പിലാക്കണം. യു. എ. ഇ.-യിൽ ഔദ്യോഗികമായ നാല് ഭാഷകളിലൊന്നായി മലയാള ഭാഷയെ തെരഞ്ഞെടുത്തത് മലയാളത്തിന് ലഭിച്ച വലിയ ആദരവാണ്. മലയാള ഭാഷയിൽ ഇംഗ്ലീഷ് ഭാഷയുടെ കടന്നുകയറ്റം അവസാനിപ്പിക്കണം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി കാര്യങ്ങൾ ചർച്ച ചെയ്യുകയും ഭാഷാ ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കാൻ മുൻകയ്യെടുക്കുകയും ചെയ്യണം. മലയാളത്തിൽ ദ്വിഭാഷ രീതി പ്രാവർത്തികമാക്കണം. ഭാഷയെ ഇതിവൃത്തമാക്കിക്കൊണ്ട് പല രചനകളുമുണ്ടായിട്ടുണ്ട്. നാട്ടുഭാഷകൾ ഉൾപ്പെടുത്തി മലയാള ഭാഷയുടെ സൗന്ദര്യത്തെ ഉദ്ദീപിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകളുണ്ടാകണം. പ്രാദേശിക ഭാഷയെ പ്രോത്സാഹിപ്പിക്കാൻ തയ്യാറാകണം.

പ്രൊഫ. കെ. യു. അരുണനുവേണ്ടി <u>ശ്രീ. എസ്. ശർമ്മ</u> : മാതൃഭാഷയുമായി അകലം പാലിക്കുന്നത് സാംസ്കാരിക തകർച്ചയ്ക്ക് കാരണമാകും. നമ്മുടെ സാഹചര്യങ്ങളും ചുറ്റുപാടുകളും മാതൃഭാഷ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക

പങ്കുവഹിക്കുന്നുണ്ട്. മാതൃഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കരുത്തും പ്രാപ്തിയും നേടിയെടുക്കുമ്പോഴാണ് ഒരു സംസ്ഥാനം സമ്പൂർണ്ണ സാക്ഷരതയിലെത്തുന്നത്. മാതൃഭാഷയോടുള്ള സമീപനത്തിൽ അടിസ്ഥാനപരമായ മാറ്റവും പരിവർത്തനവും ഉറപ്പാക്കാൻ സാധിക്കണം. ഭിന്നസംസ്കാരങ്ങളുടെ സ്വാധീനം മലയാള ഭാഷയുടെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. വൈജ്ഞാനിക ശാഖയ്ക്ക് വിലപ്പെട്ട സംഭാവന നൽകാൻ മലയാളഭാഷയ്ക്ക് സാധിച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകൾ മാതൃഭാഷയിൽ തന്നെ നടത്തണം. ഭരണ നടപടിക്രമങ്ങളിൽ മലയാളഭാഷയിലൂടെ അടിസ്ഥാനപരമായ മാറ്റവും പരിവർത്തനവും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാളഭാഷ നിർബന്ധമാക്കണം. വിവര സാങ്കേതിക വിജ്ഞാനമേഖലയിൽ മലയാളഭാഷയ്ക്ക് പ്രാമുഖ്യം നൽകണം. യൂണിക്കോഡിൽ വൈവിദ്ധ്യപൂർണ്ണമായ ഫോണ്ടുകൾ ഉൾപ്പെടുത്തുകയും സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകുകയും ഡിജിറ്റലൈസേഷൻ പ്രോത്സാഹിപ്പിക്കുകയും വേണം. പാഠപുസ്തകങ്ങൾ സ്റ്റാൻഡേർഡ് തിരിച്ച് ഇന്റർനെറ്റിൽ ലഭ്യമാക്കണം. മലയാള പദകോശവും വ്യാകരണവും ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കണം. മലയാളം ഒഴികെയുള്ള ഭാഷകളെ അനുബന്ധ ഭാഷകളായി മാത്രം കണക്കാക്കണം. മലയാളഭാഷയ്ക്ക്

ദിശാബോധം നൽകുന്ന ഒന്നായി ഈ നിയമം മാറണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : ബില്ലിന്മേൽ സമഗ്രമായ ചർച്ചയാണ് നടന്നത്. കഴിഞ്ഞ അറുപത് വർഷം മലയാള ഭാഷയ്ക്കുണ്ടായ നന്മകളും കുറവുകളും മനസ്സിലാക്കിക്കൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കൂടുതൽ ചർച്ചയ്ക്കായി ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(സഭ ഉച്ചയ്ക്കുശേഷം 2.23-ന് പിരിഞ്ഞു.)